I/88492/2024

**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ് തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 - 2525300

## വിജ്ഞാപനം

## കീം 2024

## കേരള എഞ്ചിനീയറിംഗ് ,ഫാർമസി കോഴ്സുകളിലേക്കുള്ള പ്രവേശനം 2024 ഓൺലൈൻ അപേക്ഷയിലെ ഫോട്ടോ, ഒപ്പ്, പേര് എന്നിവ പരിശോധിക്കുന്നതിനുള്ള അവസരം

2024-25 അധ്യയന വർഷത്തെ കേരള എഞ്ചിനീയറിംഗ്, ഫാർമസി കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് ഓൺലൈനായി അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്ക് അവർ അപേക്ഷയിൽ നൽകിയ ഫോട്ടോ, ഒപ്പ്, പേര് എന്നിവ സൂക്ഷ്മ പരിശോധന പൂർത്തിയാക്കി വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. **13.05.2024 വരെ** ഫോട്ടോ, ഒപ്പ്, പേര് എന്നിവ വിദ്യാർത്ഥികൾക്ക് പരിശോധിക്കാവുന്നതാണ്.

പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈററിൽ നൽ കിയിട്ടുള്ള **'KEAM-2024 Candidate Portal'** എന്ന ലിങ്കിൽ അവരവരുടെ അപേക്ഷാ നമ്പരും, പാസ്‌വേഡും നൽകി ലോഗിൻ ചെയ്ത് വെബ്സൈറ്റിൽ പ്രവേശിക്കാവുന്നതാണ്.

പ്രൊഫൈൽ പേജിൽ ദൃശ്യമായിട്ടുള്ള അപേക്ഷകന്റെ പേര്, ഫോട്ടോ, ഒപ്പ്, എന്നിവ വിദ്യാർത്ഥിയുടെ യഥാർത്ഥ പേര്, ഫോട്ടോ, ഒപ്പ് എന്നിവയുമായി വ്യത്യാസം ഉണ്ടെങ്കിൽ ആയത് ഇമെയിലായി (ceekinfo.cee@kerala.gov.in) പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ **13.05.2024 വൈകുന്നേരം 3 മണിക്കുള്ളിൽ** അറിയിക്കേണ്ടതാണ്.

### അപാകതകൾ പരിഹരിക്കുന്ന വിധം

അപേക്ഷയോടൊപ്പം സമർപ്പിച്ചിരുന്ന ഫോട്ടോ, ഒപ്പ്, പത്താം ക്ലാസ്സ് സർട്ടിഫിക്കറ്റ് എന്നിവയുടെ സൂക്ഷ്മ പരിശോധനയിൽ ന്യൂനതകൾ കണ്ടെത്തിയിട്ടുണ്ടെങ്കിൽ, പ്രസ്തുത ന്യൂനതകൾ പ്രൊഫൈൽ പേജിൽ ലഭ്യമാക്കിയിരിക്കുന്ന **'Memo details'** എന്ന മെനു ക്ലിക്ക് ചെയ്താൽ ലഭ്യമാകുന്നതാണ്. ഫോട്ടോഗ്രാഫ്, ഒപ്പ്, പത്താം ക്ലാസ്സ് സർട്ടിഫിക്കറ്റ് എന്നിവയിൽ

I/88492/2024

ന്യൂനതയുണ്ടെങ്കിൽ 13.05.2024 **വൈകുന്നേരം 3.00 മണിക്കുള്ളിൽ** മെമ്മോയിൽ പറഞ്ഞിരിക്കുന്ന ന്യൂനതകൾ പരിഹരിക്കുന്നതിനാവശ്യമായ ഫോട്ടോഗ്രാഫ്/ഒപ്പ്/ പത്താം ക്ലാസ്സ് സർട്ടിഫിക്കറ്റ് എന്നിവയിലേതാണോ അത് ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. നേരിട്ടോ, തപാൽ മുഖേനയോ, ഇമെയിലൂടെയോ ലഭിക്കുന്ന രേഖകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

എഞ്ചിനീയറിംഗ്, ഫാർമസി പരീക്ഷയ്ക്ക് അപേക്ഷിച്ച വിദ്യാർത്ഥികളുടെ ഫോട്ടോഗ്രാഫ്, ഒപ്പ്, പത്താം ക്ലാസ്സ് സർട്ടിഫിക്കറ്റ് എന്നിവയിൽ ന്യൂനതയുള്ള പക്ഷം മേൽ പറഞ്ഞ തീയതിക്കുള്ളിൽ അവ പരിഹരിച്ചെങ്കിൽ മാത്രമേ പ്രവേശന പരീക്ഷയ്ക്കുള്ള അഡ്മിറ്റ് കാർഡുകൾ ലഭ്യമാകുകയുള്ളൂ.

ഓൺലൈൻ അപേക്ഷയോടൊപ്പം വിദ്യാർത്ഥികൾ സമർപ്പിച്ച നേറ്റിവിറ്റി, വിവിധ സംവരണ ആനുകൂല്യങ്ങൾ എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളെ സംബന്ധിച്ച വിവരങ്ങൾ സൂക്ഷ്മ പരിശോധന പൂർത്തിയാക്കിയതിനുശേഷം പിന്നീട് **'കാൻഡിഡേറ്റ് പോർട്ടൽ'** - ൽ ലഭ്യമാക്കുന്നതായിരിക്കും. പ്രസ്തുത സർട്ടിഫിക്കറ്റുകളിൽ ന്യൂനതകൾ ഉണ്ടെങ്കിൽ ആയത് വിദ്യാർ ത്ഥികളെ **'കാൻഡിഡേറ്റ് പോർട്ടൽ'** വഴി പിന്നീട് അറിയിക്കുന്നതും ന്യൂനതകൾ പരിഹരിക്കുന്നതിന് അപ്പോൾ അവസരം നൽകുന്നതുമാണ്. ഇത് സംബന്ധിച്ച വിശദ വിവരങ്ങൾ പിന്നീട് വിജ്ഞാപനത്തിലൂടെ അറിയിക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signed by
Sudhir K Ias
Date: 10-05-2024 20:21:16

തിരുവനന്തപുരം
10-05-2024

**പ്രവേശന പരീക്ഷാ കമ്മീഷണർ**